
# ജി. എൽ. പി. എസ് വാരിക്കൽ

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - ഒന്ന്



സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025

## ക്ലാസ് ഒന്ന്

ജി.എൽ.പി.എസ് വാരിക്കൽ

നിലമ്പൂർ ഉപജില്ല

ക്ലാസ് അധ്യാപിക : ശ്രുതി.വി.രവീന്ദ്രൻ

കുട്ടികൾ

ആൺകുട്ടികൾ : 12

പെൺകുട്ടികൾ : 11

# ആമുഖം

മികച്ച അധ്യയനത്തിന് മികച്ച ആസൂത്രണം അനിവാര്യമാണ്. തന്റെ ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള ശേഷികൾ നേടുന്നതിന് കുട്ടിയെ പിന്തുണക്കാൻ ക്ലാസ്തല മാസ്റ്റർ പ്ലാൻ അധ്യാപകരെ സഹായിക്കുന്നു. സമഗ്ര ഗുണമേന്മയിലേക്ക് ഒരു കുട്ടിയെ നയിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കുന്നു.

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും വായനയിലും എഴുത്തിലും മുൻപന്തിയിൽ എത്തിക്കുക എന്നതാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. കൂടാതെ എല്ലാ കുട്ടികളെയും ഗണിത ശേഷികളിൽ പ്രാവിണ്യമുള്ളവരാക്കുക, കുട്ടികളുടെ കായിക ശേഷി വികസിപ്പിക്കുക തുടങ്ങിയവയും പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു.

ജൂൺ മാസത്തിൽ തുടങ്ങി മാർച്ച് വരെ നീളുന്ന പ്രവർത്തനങ്ങളും ഗ്രീഷ്മകാല പ്രവർത്തനങ്ങളും ഉൾപ്പെടുത്തി

## അവസ്ഥാ വിശകലനം

2025-26 അധ്യയനവർഷത്തിൽ ഒന്നാം ക്ലാസിൽ ആകെ 23 കുട്ടികളാണ് ഉള്ളത്. 23 കുട്ടികളിൽ 19 പേർ പ്രീ പ്രൈമറി അനുഭവമുള്ളവരാണ്. 3 പേർ അംഗനവാടിയിൽ നിന്നും വന്നിട്ടുണ്ട്. ഒരു കുട്ടി മാത്രമാണ് പ്രീസ്കൂൾ അനുഭവം ഇല്ലാത്തത്. IEDC വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾ ആരുംതന്നെയില്ല.

## വാർഷിക ലക്ഷ്യങ്ങൾ

### മലയാളം

* ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുത്തിലും വായനയിലും മുൻപിൽ എത്തിക്കുക.
* ഓരോ കുട്ടിയെയും കഥ കേൾക്കുന്നതിനും കേട്ട കഥ സദസ്സിനു മുന്നിൽ അവതരിപ്പിക്കുന്നതിനും പ്രാപ്തരാക്കുക.
* കുട്ടികളിൽ വായനയിൽ താൽപര്യം വളർത്തുക.
* വർഷാവസാനം ബാലസാഹിത്യ കൃതികൾ സ്വയം വായിക്കുന്നതിനുള്ള ശേഷി കൈവരിക്കുക.

* സ്വതന്ത്രവായനയിലും എഴുത്തിലും കുട്ടികളെ മികച്ചവരാക്കുക.

## ഗണിതം

* മുഴുവൻ കുട്ടികളെയും ഗണിത ശേഷികളിൽ പ്രാവീണ്യമുള്ളവരാക്കുക.
* കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുക.
* കുട്ടികളെ സങ്കലനം, വ്യവകലനം എന്നീ ശേഷികളിൽ പ്രാവീണ്യമുള്ളവരാക്കുക.

## English

* Make all children a talent in the English language.
* Enable all children to read English books.
* Make all children intrest in English rhymes and Stories

## കായിക പഠനം

* കുട്ടികളെ മികച്ച കായിക ശേഷിയുള്ളവരാക്കി മാറ്റുക. * കുട്ടികൾക്ക് സുംബ പരിശീലനം

## കലാപഠനം

* പാട്ട് കേൾക്കാനും ആസ്വദിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.
* വായ്ത്താരികൾ ചൊല്ലാൻ പ്രാപ്തരാക്കുക.

## പ്രവൃത്തിപരിചയം

* പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തനങ്ങൾ നന്നായി നടത്തുന്നു

IT

* ഒന്നാം ക്ലാസ് മുതൽ തന്നെ IT പഠനം നടപ്പാക്കുക.
* ആഴ്ച്ചയിൽ നിശ്ചിത പിരീഡുകൾ നീക്കിവക്കുക.

## സംയുക്ത ഡയറി

* കുട്ടികളെ സ്വന്തം വായനക്കാരും എഴുത്തുകാരുമാക്കുക.
* നന്നായി ഡയറി എഴുതാൻ പരിശീലിപ്പിക്കുക.

## മറ്റു പ്രവർത്തനങ്ങൾ

* ചതുർണ്ണ പങ്കാളിത്തത്തോടെ CPTA നടപ്പാക്കുക.
* പഠനോപകരണശിൽപശാല നടത്തുക.

ജൂൺ മാസ പ്രവർത്തനങ്ങൾ

മലയാളം

* വിദ്യപ്രവേശ്
* ഊന്നൽ അക്ഷരങ്ങൾ ത,ന,പ,റ,വ,ട
* ഊന്നൽ അക്ഷരങ്ങൾ വരുന്ന സ്വതന്ത്രവായന.
* പാഠങ്ങൾ അവതരിപ്പിക്കൽ
* കുഞ്ഞെഴുത്തിലെ പ്രവർത്തനങ്ങൾ
* കുട്ടിപ്പാട്ടുകൾ, കഥകൾ
* വായനോത്സവം.

ഗണിതം

* വിദ്യപ്രവേശ്
* പലതരം ആകൃതികൾ പരിചയപ്പെടൽ
* പാഠഭാഗം പൂർത്തിയാക്കൽ.
* നിറം നൽകൽ

കായിക പഠനം

* സുംബ ഡാൻസ്.
* വിദ്യപ്രവേശ്

## English

* Vidya Pravesh
* Attendence activities
* Entry activities
* English Game.
* Introduce Fist unit
* Introduce Vehicls and colours.

## ദിനാചരണങ്ങൾ

പരിസ്ഥിതി ദിനം
* വായനാദിനം.

## മറ്റു പ്രവർത്തനങ്ങൾ

പൂർണ്ണ പങ്കാളിത്തമുള്ള CPTA
ഹാജർ നിലയിൽ വേണ്ട ശ്രദ്ധ നൽകൽ

# അക്കാദമിക് മാസ്റ്റർപ്ലാൻ

Class II

2025- 26

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം STD – 2

പൊതു വിദ്യാഭ്യാസത്തെ മുമ്പിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നി മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഒരോ കുട്ടിയുടേയും വ്യക്തിഗതമായ വികാസമാണ് ഈ വർഷത്തിൽ ലക്ഷ്യമാക്കുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി മികച്ച വിദ്യാഭ്യാസത്തിന്റെ ഉടമയായി മികച്ച താരങ്ങളായി തീരണം എന്നതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഒരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസുകാർ എല്ലാവരിലും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു
- ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം ലഘു വിവരണം

കഥ എന്നിവ തയ്യാറാക്കുന്നു.

- ആശയം ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടി കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാപൂര

## ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ – ചിത്രവും പദവും ചേർത്ത്
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാസാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ ഒരു

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ചേർന്ന് വായനയുടേയും എഴുത്തിന്റെ അവസരമൊരുക്കുന്നു
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി എ ഒരുക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കുന്നു.
- വീട്ടു ലൈബ്രറി സജ്ജീകരിക്കുക
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാഭാഗങ്ങൾക്ക് രംഗാവിഷ്കാരം ഒരുക്കൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു.
- പതിപ്പ് തയ്യാറാക്കുക - വിവിധ വിഷയത്തിൽ ഉദാ: മഴ

ആന
വലിയ ആന

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.
-

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമായ മാഗസിനുകൾ തയ്യാറാക്കുന്നു.

## ജനുവരി

• വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരുക്കൽ

• ലഘുവിവരണങ്ങൾ സവിശേഷതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഉണ്ടാക്കൽ

## ഫെബ്രുവരി

• എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭാഷണം, ലേഖനം എഴുത്ത്)

• കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകൽ

## മാർച്ച്

വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

ഇൻലന്റ് മാഗസിൻ ഓരോ കുട്ടിക്കും

പതിപ്പ്, കൈയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കൽ

വീട്ടുവായന കൂട്ടുവായന നാട്ടുവായന അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# Academic master plan - English

<u>Aim</u> To speak, Read and write English without any mistakes.

<u>Time june july August</u>

June - Pre test

To develop listening skills and reading skills first

Listening skills - Games, Action songs Hello English activity 2 Conversations skit stories

<u>use ICT</u>

<u>speaking skills</u> - Descriptions, growing sentences, picture reading, picture description, self introduction Assembly activities speech, book review, quiz riddles self introduction school radio etc. . .

<u>July / August</u>

<u>Reading skills</u> News paper reading, library books reading, book review, reading breaking news find words collect and read past tense, rhyming words describing words etc Text book activities.

<u>writing skills</u> - Make word web, picture description word chain sentences chain make word sentences make riddles conversations Add more lines develop


ക്ലാസ് - 3
അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-26

മലയാളം - മാസ്റ്റർപ്ലാൻ

ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വദിച്ച ഭാഷാരൂപങ്ങൾ (കഥ, കവിത, നാടൻപാട്, കടങ്കഥ, പഴഞ്ചൊല്ല് ... മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം ചിത്രീകരണം, വീഡിയോ തീയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം).

ഇതിനായി ഞാൻ നടത്തുന്ന ഒരുക്കങ്ങൾ

ജൂൺ- ജൂലായ്

1. കനകച്ചിലങ്ക

* നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
* പഴഞ്ചൊല്ലുകൾ ശേഖരണം.
* കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം. (നാട്ടുകഥകൾ)
* നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
* കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
* കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം.
* പാവനാടകത്തെ അടുത്തറിയാം - ശില്പശാല.

ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവെയ്ക്കൽ
* നാടകശില്പശാല.
* റോൾപ്ലേ അവതരണങ്ങൾ

* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
* പലഹാരമേള- പാചകക്കുറിപ്പ് തയ്യാറാക്കൽ.
* കത്തുകൾ മാതൃകകൾ
* ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
* സ്കൂൾ പത്രം.
* വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി. പി. ടി. എ ഒന്നാം മികവുത്സവം

- നാടോടിക്കഥകളുടെ അവതരണം.
- നാടൻപാട്ടുകളുടെ അവതരണം.
- പാവനാടകം അവതരണം.

ഒക്ടോബർ

3. മനുഷ്യന്റെ തൈകൾ

* കൃഷിയിടം സന്ദർശനം.
* കൃഷിപ്പാട്ടുകൾ കൃഷിചൊല്ലുകൾ അവതരണം.
* കുട്ടിക്കളികൾ :- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്, നാടൻപാട്ട് ശില്പശാല.

# English - Master plan.

## Aim

- To speak, Read and write English without any mistakes.

Time - June to March

- To check the vocabulary and writing skills of pupils.

## Activities

### June and July.

- Pre test
- To develop listening skills and reading skills.

### Listening skills

- Games, Action songs.
- Hello English activities.
- conversations.
- skill stories
- Use ICT

### Speaking skills

- Identify the naming words from the picture.
- Identify the action words from the same picture.
- Make the simple sentences using the actionwords about the picture.
- Make simple description about the picture.
- Growing sentences picture reading self introductions.

August and september

- Develop the creative speaking and writing.

Reading skills

- Books reading
- Find words.
- collect and read past tense.
- Rhyming words.
- TB activities

Writing skills

- make wordweb.
- Picture description.
- Word chain
- make word and sentenses.
- make riddles and conversations.
- Add more lines

October and November

- To express thoughts, feelings etc.

Reading skills

- Library book reading
- conversations, skit, stories, use ICT
- Read notice.
- Develop story.

Writing skills.

- Description, thoughts.

December and January.

- Develop the creative speaking and writing.

Reading skills

- Library books reading.
- conversations, skit, stories use ICT
- Develop story.
- Reads dairy.

writing skills

- Diary.
- Announcement.

February and March.

- To improve the presentation power.

Reading skills.

- Library books reading.
- conversations, skit, stories.
- Develop story.

writing skills

- Dairy.
- Descriptions.
- Thoughts
- Exhibition.

## ഗണിതം- മാസ്റ്റർപ്ലാൻ

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മകചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രാധാന്യം വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗികസന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ രണ്ടക്കസംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗികപ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് രണ്ടക്കസംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു ഗുണനചിന്തയോടൊപ്പം ഗണനചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
- തോരണം നിർമ്മാണം, തോണി നിർമ്മാണം (കളർ A4)
- വെജിറ്റബിൾ പ്രിന്റിംഗ്.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമിക്കുന്നു.

ജൂലായ് - ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിതശില്പശാല നിർമിക്കേണ്ടത്.
- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ.
- കളിനോട്ടുകൾ

ഓരോ നോട്ടുകളും 10 എണ്ണം വീതം.
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമാണം.

ആഗസ്റ്റ് - സെപ്റ്റംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ഒക്ടോബർ

- സ്കെയിൽ നിർമാണം.
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

നവംബർ- ഡിസംബർ

- ഗുണനവസ്തുത കാർഡ് നിർമാണം.

മാസ്റ്റർ പ്ലാൻ - പരിസരപഠനം

ആമുഖം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവിസ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമപൗരൻമാരാക്കി മാറ്റുക.

ലക്ഷ്യം

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

പ്രവർത്തന പദ്ധതികൾ

ജൂൺ - ജൂലായ്

- പ്രീ - ടെസ്റ്റ്
- അവലോകനം

- പ്രകൃതിനടത്തം
- ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം.
- പ്രത്യേകതകൾ മനസിലാക്കൽ
- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.
- സ്കൂൾ പച്ചക്കറിത്തോട്ടം നിർമാണം
  പരിപാലനം
- പരിസരമലിനീകരണം, വായുമലിനീകരണം,
  ജലമലിനീകരണം (ചർച്ച)
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലായ് - സെപ്റ്റംബർ

- ദിനകൃത്യങ്ങൾ
- ക്ലാസ്തലത്തിൽ ശുചിത്വ മത്സരം.
- വ്യക്തിശുചിത്വം, ക്ലാസ്റൂം പരിസരശുചിത്വം
  എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
  പരിസരങ്ങളിൽ പതിക്കുന്നു.

ഒക്ടോബർ - ഡിസംബർ

- ഫീൽഡ് ട്രിപ്പ് (കുളം, വയൽ, പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമാണം.
- പരിസരങ്ങളിൽ പതിക്കുന്നു

ജനുവരി - മാർച്ച്

- ശാസ്ത്രകൗതുകം വളർത്തുന്നു. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം.
- കിളികൾക്ക് ദാഹജലം സജ്ജീകരണം.


അക്കാദമിക്
മാസ്റ്റർപ്ലാൻ
Class 4
2025
2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 4

വിദ്യാലയത്തിന്റെ പേര് : ജി. എൽ. പി. എസ്
വാരിക്കൽ

ക്ലാസ് അധ്യാപികയുടെ പേര് : സപ്ന. എ. പി

കുട്ടികളുടെ എണ്ണം : 24

**ലക്ഷ്യം:** നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും, സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതുതത്വങ്ങൾ**

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
* സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
* സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.
* പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരുക.

# മധുരമലയാളം (ഭാഷാപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതു വരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ.<br>* വായിക്കാം വളരാം<br>* ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം<br>* വായനാ കുറിപ്പ്<br>* ആസ്വാദന കുറിപ്പ്<br>* പുസ്തക സംവാദം | വായനാ ശേഷി വളർത്തൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ<br>CPTA | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുതാം തെളിയാം<br>* പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | * എഴുത്ത് പരിപോഷിപ്പിക്കൽ<br>* സ്വന്തമായി ആശയങ്ങൾ എഴുതി പ്രകടിപ്പിക്കുക<br>* കുട്ടിക്കഥയോ കവിതയോ എഴുതുക. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| * എഴുത്തുകാരുമായി സംവദിക്കൽ<br>സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | * ലേഖന ശേഷി വർദ്ധിപ്പിക്കൽ<br>* സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം....<br>കേട്ടറിയാം.... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | പാഠഭാഗങ്ങളെ ICT സാധ്യത പ്രയോജനപ്പെടുത്തുക. | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ | - |
| രുചിവൈവിധ്യം... <br> ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ, CPTA | |
| ഓർക്കാം - അടുത്തറിയാം (സാഹിത്യകാരന്മാർ) <br> സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ചിത്ര-രേഖ തയ്യാറാക്കൽ, പതിപ്പ് / പത്രിക | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാക്കൂട്ട്<br><br>പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറികളിലേക്ക് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അന്യവിദ്യാലയങ്ങളോട് അവതരിപ്പിക്കൽ/-പ്രദർശനം<br>(സർഗോത്സവം, കലാപഠനം കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം) | | വർഷത്തിലൊരിക്കൽ | SRG, CPTA ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സൃഷ്ടികളുടെ പ്രദർശനം | | ആഴ്ചയിൽ ഒരു പീരിയഡ് | HM, ക്ലാസ് ടീച്ചർ | – |

## കളിക്കാം ... ഗണിക്കാം (ഗണിതപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| * വിവിധ തരം കളികൾ തന്ത്രങ്ങൾ വെച്ചുള്ള- നടപ്പാക്കൽ<br><br>* മൂല്യനിർണയം (ഏണിയും പാമ്പും ഡൈസ് കളി - സമ്മാന വ്യവഹാരം കച്ചവടകളി) | ഗണിതപഠനം രസകരമാക്കൽ | വർഷം മുഴുവൻ | SRG, ക്ലാസ്ടീച്ചർ | |
| ജ്യാമിതീയ രൂപങ്ങളുടെ നിർമാണം / പ്രദർശനം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരവിരുത് ശേഷി വികാസം | വർഷത്തിലൊരിക്കൽ (ഒഴിവു സമയങ്ങൾ) | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് | ഗണിതപഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചുമർ<br>ഗണിത ചുമർ ഒരുക്കൽ - ഗണിത പഠനത്തിന് സഹായകമായ ഉപയോഗിക്കൽ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല<br>- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം. | SRG, ക്ലാസ് ടീച്ചർ CPTA | PTA |
| ഗണിത മേള<br>പ്രശ്നോത്തരി, പസിൽ പൂരണം, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

## അറിയാം.... അടുത്തറിയാം (പരിസരപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| • പ്രകൃതി നടത്തം - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കാൻ | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമൂല ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്രയാത്ര വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്രമേഖലാ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കാൻ | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ ഭൂപട വായന | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചിക നിർമാണം, കളങ്ങൾ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ശാസ്ത്ര പഠന സംസ്കാരം വളർത്തൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണ പ്രദർശനം) | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമാണം | അറിവുകളുടെ രചന | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |

# English - class iv

General objectives

* Develop listening, speaking, reading and writing skills in English
* Encourage participation in English based co-curricular activities.
* Build confidence in using English for communication in and out of the classroom.

| Activity | Description | Duration ~~Time frame~~ | Responsible |
|---|---|---|---|
| English Assembly Activities. Morning assembly. Thought of the Day, English Song / Poem | Thought of the Day, English Song and poem / story. | ~~one~~ once a week | H.M SRG class Teacher |
| Group activities & Pair work | Language games dialogues, Sentence making | Weekly | class Teacher |
| Vocabulary building | Daily word wall word games flash cards | Continuous | class Teacher |
| Reading practice | Loud reading, Silent reading, group reading, reading aloud stories | Weekly | class Teacher. |

| Activity | Description | Duration | Responsible |
|---|---|---|---|
| Writing Exercises | Diary writing, Picture description Notice, conversation, thought etc. | Based on Textbook activities. | class Teacher. |
| English Skit | Performance of Short Stories or textbook-based activities. | Term I & II and III | class Teacher. |
| English Corner | Walls display of Students writings word charts, posters | Continuous | Class Teacher. |
| English Magazine | Collection of poems, Stories, riddles by Students | Term III | HM Class teacher |
| Reading Campaign | Using class and School library books | Through out the year | CPTA SRG class Teacher |
| English Fest | Skits, Songs, Dances Speech, storytelling Competitions | Term III | SRG HM class Teacher CPTA |